


എഡിറ്റർ
**ഡോ. കെ.എസ്. മഞ്ജു**

അതിവിപുലമായ ഒരു കലാപ്രപഞ്ചത്തിലേക്ക് കടക്കാനും പരിചയപ്പെടാനും കൂടുതൽ പഠിക്കാനും ഈ പുസ്തകം പ്രേരകമാകും.

ഡോ. പി. വേണുഗോപലൻ, ഡോ. ഏറ്റുമാനൂർ കണ്ണൻ
ഡോ. എസ്. ഗിരിജകുമാരി, ഡോ. എം.എസ്. സുചിത്ര
സ്മിതപ്രകാശ്, ആർ. ശരജ, ആർ. ഷീജ, രമ്യ ആർ,
ഡോ. എസ്. സജി, ഡോ. എ.എസ്. സന്ധ്യ

എഡിറ്റർ
ഡോ. കെ.എസ്. മഞ്ജു



ഡോ. കെ.എസ്. മഞ്ജു

തിരുവനന്തപുരം, തൈക്കാട് പരേതനായ എൻ. കൃഷ്ണപ്പണിക്കരുടെയും പി. ശാന്തകുമാരിയുടെയും മകൾ. തിരുവനന്തപുരം കോട്ടൺഹിൽ ഗേൾസ് ഹൈസ്ക്കൂൾ, തിരുവനന്തപുരം ഗവൺമെന്റ് വിമൻസ് കോളേജ്, കേരള സർവ്വകലാശാല മലയാള വിഭാഗം എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. 1997 മുതൽ ശ്രീനാരായണ കോളേജുകളിൽ അധ്യാപിക. ഭർത്താവ് എസ്. ജയൻ, മകൾ ഉത്തര ജയൻ


വിലാസം :

ഉജ്ജയിനി,
മേട്ടുക്കട, തൈയ്ക്കാട് പി.ഒ.,
തിരുവനന്തപുരം - 695014.


# ഉള്ളടക്കം


**ആമുഖം**

**അവതാരിക** 11
*ഡോ. വി.എസ്. ശർമ്മ*

**കഥകളിയിലെ ശരീരഭാഷ** 15
*ഡോ. പി. വേണുഗോപാലൻ*
*ഡോ. ഏറ്റുമാനൂർ കണ്ണൻ*

**നളചരിതം കഥകളി** 33
*ഡോ. പി. വേണുഗോപാലൻ*

**കഥാപാത്രസൃഷ്ടി വൈഭവം - നളചരിതത്തിൽ** 41
*ഡോ. എസ്. ഗിരിജകുമാരി*

**പ്രതിരോധത്തിന്റെ രൂപാന്തരങ്ങൾ - ഉണ്ണായിയുടെ ദമയന്തിയിൽ** 49
*ഡോ.എം.എസ്. സുചിത്ര*

**നളചരിതത്തിലെ നീചകഥാപാത്രങ്ങൾ** 55
*സ്മിത പ്രകാശ്*

**സ്ത്രീ സ്വത്വാവിഷ്ക്കാരം - നളചരിതത്തിൽ** 65
*ശരജ .ആർ*

**കോട്ടംതീർത്ത കോട്ടയം കഥകൾ** 70
*ഷീജ .ആർ*

**കേരളീയദൃശ്യകലകളുടെ സ്വാധീനം കഥകളിയിൽ** 74
*രമ്യ .ആർ*

**കഥകളി സംഗീതം** 79
*ഡോ. എസ്. സജി*

**കഥകളിയും കേരള സംഗീതവും** 83
*ഡോ. എ.എസ്. സന്ധ്യ*

**കഥകളിയും തിരുവനന്തപുരവും** 89
*ഡോ. കെ.എസ്. മഞ്ജു*

# “പ്രതിരോധത്തിന്റെ രൂപാന്തരങ്ങൾ - ഉണ്ണായിയുടെ ദമയന്തിയിൽ”

ഡോ. എം. എസ്. സുചിത്ര

ഇതിഹാസപുരാണാദികളെ അവലംബമാക്കി സർഗകർമ്മത്തിലേർപ്പെടുമ്പോൾ അറിഞ്ഞോ അറിയാതെയോ പുരുഷ കഥാപാത്രങ്ങളെക്കാൾ സ്ത്രീ കഥാപാത്രങ്ങൾ മിഴിവുറ്റതായിത്തീരുക സാധാരണമാണ്. നളചരിതത്തെ സാക്ഷാത്കരിക്കാൻ ശ്രമിച്ച ഉണ്ണായിവാര്യർ ദമയന്തീചരിതത്തെ സ്വയമറിയാതെ വ്യാഖ്യാനിച്ചുകൊണ്ട് തന്റെ സ്ത്രീസങ്കല്പം സൗന്ദര്യാത്മകമായി ചിത്രീകരിച്ചു. മഹാഭാരതത്തിലെ ദമയന്തിയെന്ന കഥാപാത്രം ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥയിലാണ് തികവോടെ ലബ്ധപ്രതിഷ്ഠനേടിയിരിക്കുന്നത്. യാതനാ നിർഭരമായ പരിതസ്ഥിതികളാൽ നിരന്തരം പരീക്ഷണങ്ങൾ ഏറ്റുവാങ്ങിയിട്ടും വ്യക്തിത്വത്തിന് തളർച്ചയോ മങ്ങലോ ഏൽക്കാതെ കരുത്തോടെയും നയതന്ത്രജ്ഞതയോടെയും നിൽക്കുന്ന ഈ സ്ത്രീകഥാപാത്രം, പുരുഷനെക്കാൾ വേഗത്തിൽ സ്ത്രീവികാരത്തിന് അധീനയാകുന്നു എന്ന മനഃശാസ്ത്രതത്ത്വത്തെ ഉല്ലംഘിക്കുകയാണ്. കരുത്തരും ശക്തരുമായ പുരുഷന്മാർ തങ്ങളുടെ ബോധത്തെ തടവിലിടുമ്പോൾ തന്റെ മനോവികാരങ്ങളും പ്രവൃത്തികളും കൊണ്ട് മാനവികമൂല്യങ്ങളുടെ അടിത്തറയിൽ ഉയർന്നു നിൽക്കുന്ന വ്യക്തിസത്തയാണ് ദമയന്തി പ്രകടമാക്കുന്നത്.

കേട്ടുകേൾവിയിലൂടെ ദമയന്തിയിൽ ഉടലെടുത്ത നളപ്രണയം നിരവധി പരുഷാനുഭവങ്ങളുടെ ഉരകല്ലിലൂടെ കടന്ന് തത്ത്വനിഷ്ഠ, ഉദാരത നിറഞ്ഞ ആത്മസമർപ്പണം എന്നിവയിലൂടെ ശാശ്വതപ്രണയത്തിലേക്ക് ഉയരുന്നു. 1-ാം ദിവസം മുതൽ 4-ാം ദിവസം വരെയുള്ള കഥയിലൂടെ അവളുടെ വ്യക്തിത്വം അനായാസമായി ഇതൾവിരിയുന്നത് കാണാനാകും. തന്നിൽ ഗുപ്തമായി ജ്വലിക്കുന്ന പ്രണയത്തെ നളസവിധത്തിൽ നിന്നും വരുന്ന ഹംസം ചികഞ്ഞറിയാൻ ശ്രമിക്കുമ്പോൾ ശീലഗുണങ്ങൾ തികഞ്ഞ ദമയന്തി “കുലകന്യകമാരാൽ ഹൃദി ഗൂഹനീയം വസ്തു



പറയാമോ?” എന്നിങ്ങനെ ഭാവോചിതമായി സ്വന്തം വ്യക്തിത്വവും അഭിമാനബോധവും നിലനിർത്തിക്കൊണ്ടാണ് സംസാരിക്കുന്നത്. പഞ്ചനളന്മാരെ സ്വയംവരവേളയിൽ കണ്ടതു മുതൽ ദമയന്തി ശുഭാപ്തിവിശ്വാസത്തോടെ, സങ്കല്പങ്ങളുടെ മായിക ലോകത്തുനിന്നും യാഥാർത്ഥ്യമുറ്റ പരുക്കൻ ജീവിതാനുഭവങ്ങളുടെ ലോകത്തേക്ക് പ്രയാണം ചെയ്യുകയാണെന്ന് സൂക്ഷ്മനിരീക്ഷണത്തിൽ വ്യക്തമാകും.

“ഈശ്വരൻമാരെന്തു വിചാരലേശംകൂടാതെ അതി-
നീചയോഗ്യമാരംഭിച്ചതാചാരാമിപ്പോൾ?
രാജപുത്രിഞാനിന്നൊരു രാജഭാര്യയെ-
ന്നാശയേ ധരിപ്പതിനെന്തുക്ലേശം ദേവനാം”

(നളചരിതം രണ്ടാം ദിവസം)

സ്വയം നിർണ്ണയിക്കാൻ തക്ക കരുത്തുറ്റ സ്ത്രീത്വത്തിന്റെ ശക്തിവിശേഷമാണിവിടെ പ്രകടമാകുന്നത്.

പ്രായോഗികബുദ്ധിയാലാണ് ഓരോ പരീക്ഷണ ഘട്ടത്തെയും അവൾ നേരിടുന്നത്. ‘കാമിനിരൂപിണി ശീലവതീമണി ഹേമാമോദസമയുമായ’ ദമയന്തിയോട് ഇന്ദ്രാദികൾക്കു വേണ്ടി തിരസ്കരിണിധരിച്ചെത്തിയ നളൻ ദൂത് പറയുമ്പോൾ അവളുടെ നിശ്ചയദാർഢ്യമുള്ള മറുപടിയിൽ ബഹുമാനവും വാത്സല്യവും പ്രണയവും വർദ്ധിക്കുകയാണ് നളന്. പുഷ്കരനുമായി ചൂതുകളിയിലേർപ്പെട്ട് പരാജിതനായിക്കൊണ്ടിരിക്കുന്ന സന്ദർഭത്തിൽ നളൻ

“പതിപ്രിയാചരണാവഹിതാ; വസി-
ക്കതിപ്രയാസമൃതേ” എന്നിങ്ങനെയാണ് ദമയന്തിയെക്കുറിച്ച് പറയുന്നത്. സർവവും നഷ്ടപ്പെട്ട് കാട്ടിലലയുന്ന വേളയിൽ കുണ്ഡിനപുരിയിലേക്ക് മടങ്ങിപ്പോകാൻ നളൻ പറയുമ്പോൾ ഭൈമി പറയുന്ന മറുപടി

“പാതിയും പുമാനുപത്നിയെന്നുവേദാശാസ്ത്രാദി-
ബോധമുള്ളവർ ചൊല്ലീടുന്നു;
ആധിവ്യാധികളിലും പ്രീതിദമൗഷധം കേൾ
സ്വാധീനസഹധർമ്മിണീതി നീ ധരിക്കേണം”

(നളചരിതം 2-ാം ദിവസം)

എന്നാണ്. ഭർത്താവിന്റെ നേർപകുതിയായി നിലകൊള്ളുന്ന പത്നി അദ്ദേഹത്തിന്റെ ആധിവ്യാധികൾക്ക് പ്രീതികരമായ ഔഷധം തന്നെയാ